## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6232 07.11.2016-ൽ മറുപടിക്ക്

## തുറമുഖങ്ങളിലെ മണലെടുപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. രാജഗോപാലൻ** | | **ശ്രീ. രാമചന്ദ്രൻകടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിലെ തുറമുഖങ്ങളിലെ മണലെടുപ്പ് സ്വകാര്യ/സഹകരണ ഏജൻസികളെ ഒഴിവാക്കി കണ്ണൂർ ജില്ലയിൽ പ്രയോഗിച്ചപോലെ സർക്കാർ മേൽനോട്ടത്തിൽ ആക്കുവാൻ നടപടികൾ ഉണ്ടാകുമോ; | (എ) | കേരളത്തിലെ തുറമുഖവകുപ്പിന്റെ കീഴിലെ എല്ലാ തുറമുഖങ്ങളിലേയും മാനുവൽ ഡ്രഡ്ജിംഗ് പ്രവൃത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നയം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, മാനുവൽ ഡ്രഡ്ജിംഗ് നയത്തിന്റെ കരട് രൂപം 2016 ഒക്ടോബർ മാസം 16-ാം തീയതി തുറമുഖവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | മാഫിയാവൽക്കരണം നടക്കുന്ന മണലെടുപ്പ് മൂലം പരിസരവാസികൾക്കും, പോലീസ് റവന്യൂ ഉദ്യോഗസ്ഥന്മാർക്കും ഉണ്ടായ ആക്രമങ്ങൾ മുൻ നിർത്തി സുതാര്യമായ രീതിയിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചും ഇടനിലക്കാരെ ഒഴിവാക്കിയും പദ്ധതി ആസൂത്രണം ചെയ്യുമോ; വ്യക്തമാക്കുമോ? | (ബി) | നിർദ്ദിഷ്ട നയം നടപ്പിലാക്കി മാനുവൽ ഡ്രഡ്ജിംഗ് നടത്തുമ്പോൾ ഇടനിലക്കാരെ ഒഴിവാക്കുന്നതിനും സർക്കാരിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിലുറപ്പ് നൽകി സുതാര്യമാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു . |

സെക്ഷൻ ഓഫീസർ